**മധുരമായ കുട്ടികളേ - ശരീര നിർവ്വഹാർത്ഥം കർമ്മം ചെയ്തുകൊള്ളൂ എന്നാൽ കുറഞ്ഞത് 8 മണിക്കൂർ ബാബയുടെ ഓർമ്മയിൽ മുഴുവൻ വിശ്വത്തിനും ശാന്തിയുടെ ദാനം നൽകൂ, തനിക്കു സമാനമാക്കുന്നതിന്റെ സേവനം ചെയ്യൂ.**

**ചോദ്യം:-** സൂര്യവംശീ കുലത്തിൽ ഉയർന്ന പദവി നേടുന്നതിന്റെ പുരുഷാർത്ഥമെന്താണ്?
**ഉത്തരം:-** സൂര്യവംശീ കുലത്തിൽ ഉയർന്ന പദവി നേടണമെങ്കിൽ ബാബയെ ഓർമ്മിക്കുകയും മറ്റുള്ളവരെ ഓർമ്മിപ്പിക്കുകയും ചെയ്യൂ. എത്രത്തോളം സ്വദർശന ചക്രധാരിയായി മാറുകയും മാറ്റുകയും ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. 2 - പുരുഷാർത്ഥം ചെയ്ത് പദവിയോടുകൂടി പാസാകുന്നവരാകൂ. ശിക്ഷ അനുഭവിക്കുന്ന തരത്തിൽ ഒരു കർമ്മവും ചെയ്യരുത്. ശിക്ഷ അനുഭവിക്കുന്നവരുടെ പദവി ഭ്രഷ്ടമാകുന്നു.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്ത് നിന്ന്......

**ഓം ശാന്തി.** ഇതാണ് കുട്ടികളുടെ പ്രാർത്ഥന. ഏത് കുട്ടികളുടെ? ആരാണോ ഇത് വരെ അറിയാത്തത്. നിങ്ങൾ കുട്ടികൾ അറിഞ്ഞു കഴിഞ്ഞു ഈ പാപത്തിന്റെ ലോകത്ത് നിന്ന് ബാബ നമ്മേ പുണ്യത്തിന്റെ ലോകത്തിലേക്ക് കൂട്ടികൊണ്ട് പോയ്കൊണ്ടിരിക്കുകയാണെന്ന്. അവിടെ സദാ സുഖം തന്നെ സുഖമാണ്. ദുഖത്തിന്റെ പേരു പോലുമില്ല. ഇപ്പോൾ തന്റെ ഹൃദയത്തോട് ചോദ്യം ചോദിക്കുകയാണ് നമ്മൾ ആ സുഖധാമത്തിൽ നിന്ന് വീണ്ടും ഈ ദുഖധാമത്തിൽ എങ്ങനെ വന്നു എന്ന്. ഇതാണെങ്കിൽ എല്ലാവർക്കും അറിയാം ഭാരതം പ്രാചീന ദേശമാണെന്ന്. ഭാരതം തന്നെയായിരുന്നു സുഖധാമം. ഒരേയൊരു ഭഗവാൻ ഭഗവതിയുടെ രാജ്യമായിരുന്നു. ഭഗവാൻ കൃഷ്ണൻ, ഭഗവതി രാധ അഥവാ ഭഗവാൻ നാരായണൻ, ഭഗവതി ലക്ഷ്മി രാജ്യം ഭരിച്ചിരുന്നു. എല്ലാവർക്കുമറിയാം ഇപ്പോൾ വീണ്ടും ഭാരതവാസികൾ തന്നെ സ്വയം പതിത ഭ്രഷ്ടാചാരിയെന്ന് എന്തുകൊണ്ടാണ് പറയുന്നത്? അറിയുന്നുമുണ്ട് ഭാരതം സ്വർണ്ണത്തിന്റെ പക്ഷിയായിരുന്നു, പവിഴ നാഥന്റെയും പവിഴനാഥിനിയുടെയും രാജ്യമായിരുന്നു പിന്നെ എങ്ങനെ വീണ്ടും ഭ്രഷ്ടാചാരീ അവസ്ഥ പ്രാപിച്ചു? ബാബയിരുന്ന് മനസ്സിലാക്കി തരുകയാണ് - എന്റെയും ജന്മം ഇവിടെ തന്നെയാണ്. പക്ഷെ എന്റെ ജന്മം ദിവ്യമാണ്. നിങ്ങൾക്കറിയാം നമ്മൾ ശിവവംശിയും പ്രജാപിതാ ബ്രഹ്മാകുമാരനും കുമാരിയുമാണ് അതിനാൽ ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ആദ്യമാദ്യം ഇത് ചോദിക്കൂ- ഗോഡ് ഫാദറെ അറിയുമോ? പറയും അച്ഛനല്ലേ പിന്നെന്തിനാണ് സംബന്ധം ചോദിക്കുന്നത്? പിതാവ് തന്നെയാണല്ലോ. എല്ലാ ആത്മാക്കളും ശിവവംശികളാണ് അപ്പോൾ എല്ലാവരും സഹോദരങ്ങളാണ്. പിന്നെ സാകാര പ്രജാപിതാവുമായി എന്താണ് സംബന്ധം? അപ്പോൾ എല്ലാവരും പറയും പിതാവാണല്ലോ, ആദിദേവനെന്നും പറയും. ശിവൻ നിരാകാരനായ അച്ഛനായി, ശിവൻ അമരനാണ്. ആത്മാക്കളും അമരന്മാരാണ്. ബാക്കി ഒരു സാകാരശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുക്കുന്നു. നിരാകാരൻ ശിവവംശിയാണ്. അവരെ പിന്നീട് കുമാരൻ കുമാരിയെന്ന് പറയുകയില്ല. ആത്മാക്കളിൽ കുമാരി കുമാരനില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളാണെങ്കിൽ അതിൽ കുമാരനും കുമാരിയുമായി. ശിവവംശി യാണെങ്കിൽ ആദ്യം മുതലേ ആണ്. ശിവബാബ പുനർജന്മത്തിൽ വരുന്നില്ല. നമ്മൾ ആത്മാക്കൾ പുനർജന്മത്തിൽ വരുന്നു. ശരി നിങ്ങൾ ആരെല്ലാം പുണ്യാത്മക്കളായിരുന്നോ പിന്നീടെങ്ങനെ പാപാത്മാക്കളായി മാറി? ബാബ പറയുന്നു നിങ്ങൾ ഭാരതവാസികൾ സ്വയം സ്വയത്തെ ചാട്ടവാർ കൊണ്ട് അടിച്ചിരിക്കുകയാണ്. പറയുന്നുമുണ്ട് പരംപിതാ പരമാത്മാവിനെ പിന്നെ സർവ്വവ്യാപിയെന്ന് പറയുന്നു. പുണ്യാത്മാവാക്കി മാറ്റുന്ന ബാബയെ നിങ്ങൾ പട്ടിയിലും പൂച്ചയിലും കല്ലിലും തൂണിലും എല്ലാത്തിലും ഇരുത്തിയിരിക്കുന്നു. അത് നിങ്ങൾ ഓർമ്മിക്കുന്ന പരിധിയില്ലാത്ത ബാബയാണ്. ബാബ തന്നെയാണ് പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ബ്രാഹ്മണരെ രചിക്കുന്നത്. നിങ്ങൾ ബ്രാഹ്മണർ പിന്നീട് ദേവതയായി മാറുന്നു. പതിതരെ പാവനമാക്കി മാറ്റുന്നത് ഒരേയൊരു ബാബ മാത്രമാണ്. അവരെ നിങ്ങൾ ഏറ്റവും കൂടുതൽ അപകീർത്തിപ്പെടുത്തി, അതിനാൽ നിങ്ങളുടെ മേൽ ധർമ്മരാജനിലൂടെ കേസ് നടക്കും. നിങ്ങളുടെ ഏറ്റവും വലിയ ശത്രുവാണ് - 5 വികാരങ്ങളാകുന്ന രാവണൻ. നിങ്ങളുടേത് രാമ ബുദ്ധിയാണ്, ബാക്കി എല്ലാവരും രാവണ ബുദ്ധിയാണ്. രാമരാജ്യത്തിൽ നിങ്ങൾ വളരെ സുഖികളായിരുന്നു. രാവണ രാജ്യത്തിൽ നിങ്ങൾ എത്ര ദുഖിതരാണ്. അവിടെ പാവന രാജ്യമാണ്. ഇവിടെ പതിത രാജ്യമാണ്. ഇപ്പോൾ ആരുടെ അഭിപ്രായത്തിൽ നടക്കണം? പതിത പാവനൻ ഒരേയൊരു നിരാകാരനാണ്. ഈശ്വരൻ സർവ്വവ്യാപിയാണ്, ഈശ്വരൻ സദാ ഹാജരാണ്, പ്രതിജ്ഞയും അങ്ങനെ ചെയ്യിക്കുന്നു. ഇത് കേവലം നിങ്ങൾ കുട്ടികൾക്ക്

മാത്രമേ അറിയൂ ബാബ ഈ സമയം ഹാജറാണെന്ന്. നമ്മൾ കണ്ണ് കൊണ്ട് കാണുന്നു. ആത്മാവിന് അറിയാൻ കഴിഞ്ഞു പരംപിതാ പരമാത്മാവ് ഈ ശരീരത്തിൽ വന്നു കഴിഞ്ഞുവെന്ന്. നമുക്കറിയാം, തിരിച്ചറിയുന്നു. ശിവബാബ വീണ്ടും ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ച് നമുക്ക് വേദ ശാസ്ത്രങ്ങളുടെ സാരവും സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തിന്റെ രഹസ്യവും പറഞ്ഞു തന്ന് ത്രികാല ദർശിയാക്കി മാറ്റികൊണ്ടിരിക്കുകയാണ്. സ്വദർശന ചക്രധാരികളെ തന്നെയാണ് ത്രികാല ദർശിയെന്ന് പറയുന്നത്. വിഷ്ണുവിന് ഈ ചക്രം നൽകിയിരിക്കുന്നു. നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതയാകുന്നത്. ദേവതകളുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. നിങ്ങളുടെ ശരീരമാണെങ്കിലോ വികാരത്തിലൂടെ ഉണ്ടാക്കപ്പെട്ടതാണല്ലോ. നിങ്ങളുടെ ആത്മാവ് അവസാനം പവിത്രമായി മാറുന്നുണ്ടെന്നത് ശരി തന്നെ, പക്ഷെ ശരീരം പതിതമാണല്ലോ അതിനാൽ നിങ്ങൾക്ക് സ്വദർശന ചക്രം നൽകാൻ പറ്റില്ല. നിങ്ങൾ സമ്പൂർണ്ണമാകുന്നു പിന്നീട് വിഷ്ണുവിന്റെ വിജയമാല ഉണ്ടാകുന്നു. രുദ്രമാലയും പിന്നെ വിഷ്ണുവിന്റെ മാലയും. രുദ്രമാല നിരാകാരിയാണ് അവർ എപ്പോൾ സാകാരത്തിൽ രാജ്യം ഭരിക്കുന്നുവോ അപ്പോൾ മാലയായി മാറുന്നു. അതിനാൽ ഈ എല്ലാ കാര്യങ്ങളും നിങ്ങൾക്കിപ്പോൾ അറിയാം, പാടുന്നുമുണ്ട് - പതിത പാവനാ വരൂ അപ്പോൾ തീർച്ചയായും ഒരാൾ ഉണ്ടാകുമല്ലോ. സർവ്വ പതിതരെയും പാവനമാക്കി മാറ്റുന്നത് ഒരേയൊരു ബാബ മാത്രമാണ്, അതിനാൽ പതിത പാവനൻ, അതിസ്നേഹിയായ നിരാകാരനായ ഗോഡ് ഫാദറാണ്. ബാബയാണ് വലിയ പിതാവ്. ചെറിയ അച്ഛനെയാണെങ്കിൽ എല്ലാവരും ബാബാ ബാബാ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. എപ്പോൾ ദുഃഖമുണ്ടാകുന്നുവോ അപ്പോൾ പരംപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നു. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ആദ്യമാദ്യം ഈ കാര്യം മനസ്സിലാക്കി കൊടുക്കണം. പരംപിതാ പരമാത്മുമായി താങ്കൾക്ക് എന്ത് സംബന്ധമാണ്? ശിവജയന്തിയെല്ലാം ആഘോഷിക്കുന്നുണ്ട്. നിരാകാരനായ പരംപിതാ പരമാത്മാവിന്റെ മഹിമ വളരെ വലുതാണ്. എത്ര വലിയ പരീക്ഷയാണോ അത്രയും വലിയ ടൈറ്റിലും ലഭിക്കുമല്ലോ. ബാബയുടെ ടൈറ്റിലാണെങ്കിൽ വളരെ വലുതാണ്. ദേവതകളുടെ മഹിമയാണെങ്കിൽ സാധാരണമാണ്. സർവ്വഗുണ സമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ..... വലിയ ഹിംസയാണ് കാമത്തിലേക്ക് പോയി പരസ്പരം ആദി-മധ്യ-അന്ത്യം ദുഃഖം നൽകുന്നത്. ഇതാണ് ഏറ്റവും വലിയ ഹിംസ. ഇപ്പോൾ നിങ്ങൾക്ക് ഡബിൾ അഹിംസകരായി മാറണം.

ഭഗവാനു വാച - അല്ലയോ കുട്ടികളേ നിങ്ങൾ ആത്മാക്കളാണ്, ഞാൻ പരമാത്മാവാണ്. നിങ്ങൾ 63 ജന്മം വിഷയ സാഗരത്തിലിരുന്നവരാണ്. ഇപ്പോൾ ഞാൻ നിങ്ങളെ ക്ഷീരസാഗരത്തിലേക്ക് കൂട്ടികൊണ്ട് പോകുകയാണ്. ബാക്കി അവസാനത്തെ കുറച്ച് സമയം നിങ്ങൾ പവിത്രതയുടെ പ്രതിജ്ഞ ചെയ്യൂ. ഇതാണെങ്കിൽ നല്ല അഭിപ്രായമാണല്ലോ. പറയുന്നുമുണ്ട് ഞങ്ങളെ പാവനമാക്കി മാറ്റൂ. പാവന ആത്മാക്കൾ മുക്തിയിലിരിക്കുന്നു. സത്യയുഗത്തിൽ ജീവൻമുക്തിയാണ്. ബാബ പറയുന്നു അഥവാ സൂര്യവംശിയാകണമെങ്കിൽ പൂർണ്ണമായി പുരുഷാർത്ഥം ചെയ്യൂ. എന്നെ ഓർമ്മിക്കുകയും മറ്റുള്ളവരെ കൊണ്ട് ഓർമ്മിപ്പിക്കുകയും ചെയ്യൂ. എത്രത്തോളം സ്വദർശന ചക്രധാരിയായി മാറുന്നുവോ മാറ്റുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഇപ്പോൾ നോക്കൂ ഈ പ്രേമ എന്ന പെൺകുട്ടി ഡറാഡൂണിലിരിക്കുന്നു. ഇത്രയും എല്ലാ ഡറാഡൂൺ നിവാസികളും സ്വദർശന ചക്രധാരികളൊന്നുമായിരുന്നില്ല. ഇത് എങ്ങനെ ആയി? പ്രേമ എന്ന പെൺകുട്ടി തനിക്കു സമാനമാക്കി മാറ്റി. അപ്രകാരം തനിക്കു സമാനമാക്കി മാറ്റി-മാറ്റി ദൈവീക വൃക്ഷത്തിന്റെ വർദ്ധനവുണ്ടാകുന്നു. അന്ധരെ ശരിയാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണമല്ലോ. 8 മണിക്കൂർ നിങ്ങൾക്ക് ഒഴിവുണ്ട്. ശരീര നിർവാഹാർത്ഥം ജോലി മുതലായവ ചെയ്യണം. എവിടെ വേണമെങ്കിലും പോയ്ക്കോളൂ പരിശ്രമം ചെയ്ത് എന്നെ ഓർമ്മിക്കൂ. എത്രത്തോളം നിങ്ങൾ ബാബയെ ഓർമ്മിക്കുന്നുവോ അതിലൂടെ നിങ്ങൾ മുഴുവൻ സൃഷ്ടിക്കും ശാന്തിയുടെ ദാനം നൽകുകയാണ്. യോഗത്തിലൂടെ ശാന്തിയുടെ ദാനം നൽകുക, ഒരു ബുദ്ധിമുട്ടുമില്ല. അതെ ഇടക്കിടക്ക് യോഗത്തിലിരുത്തുകയും ചെയ്യുന്നുണ്ട് എന്തുകൊണ്ടെന്നാൽ കൂട്ടായ്മയുടെ ബലം ഒരുമിച്ച് ചേർക്കണം. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് - ശിവബാബയെ ഓർമ്മിച്ച് അവരോട് പറയൂ - ബാബാ ഇത് നമ്മുടെ കുലത്തിലുള്ളവരാണ്, ഇവരുടെ ബുദ്ധിയുടെ പൂട്ട് തുറക്കൂ. ഇതും ഓർമ്മിക്കുന്നതിന്റെ യുക്തിയാണ്. തന്റെ പ്രാക്ടീസിൽ ഇത് വെക്കണം, എല്ലായ്പ്പോഴും ഓർമ്മയിലിക്കണം. ബാബാ ഇവരുടെ മേൽ ആശിർവദിക്കൂ. ആശിർവദിക്കുന്ന ദയാഹൃദയൻ ഒരു ബാബ മാത്രമാണ്. അല്ലയോ ഭഗവാനെ ഇവരുടെ മേൽ ദയ കാണിക്കൂ. ബാബയാണ് മെഴ്സിഫുൾ, നോളേജ്ഫുൾ, ബ്ലിസ്ഫുൾ. പവിത്രതയിലും ഫുൾ ആണ്, സ്നേഹത്തിലും ഫുൾ ആണ്. അതിനാൽ ബ്രാഹ്മണകുല ഭൂഷണർക്കും പരസ്പരം വളരെയധികം സ്നേഹമുണ്ടായിരിക്കണം. ആർക്കും ദുഃഖം കൊടുക്കരുത്. അവിടെ മൃഗങ്ങൾ പോലും ആർക്കും ദുഃഖം നൽകുകയില്ല. നിങ്ങൾ കുട്ടികൾ സഹോദര-സഹോദരങ്ങൾ വീട്ടിലിരുന്ന് ചെറിയ കാര്യത്തിന് പരസ്പരം വഴക്കടിക്കുകയാണ്. അവിടെയാണെങ്കിൽ മൃഗങ്ങൾ മുതലായവ പോലും വഴക്കടിക്കുകയില്ല. നിങ്ങൾക്കും

പഠിക്കണം. പഠിക്കുന്നില്ലെങ്കിൽ ബാബ പറയുന്നു നിങ്ങൾ ഒരുപാട് ശിക്ഷ അനുഭവിക്കും. പദവി ഭ്രഷ്ടമാകും. എന്തിന് നമ്മൾ ശിക്ഷക്ക് യോഗ്യരാകണം! പദവിയോടുകൂടി പാസാവുന്നവരാകണമല്ലോ. മുന്നോട്ട് പോകവേ ബാബ എല്ലാ സാക്ഷാത്ക്കാരവും ചെയ്യിച്ചുകൊണ്ടിരിക്കും. ഇപ്പോൾ കുറച്ച് സമയമേയുള്ളൂ അതുകൊണ്ട് വേഗം ചെയ്തുകൊണ്ടിരിക്കൂ. അസുഖം വരുമ്പോൾ എല്ലാവരോടും പറയാറുണ്ടല്ലോ രാമ-രാമ എന്ന് പറയൂ. ഉള്ളുകൊണ്ടും പറയുന്നു. അവസാനം ചിലർ വളരെ തീക്ഷ്ണമായി പോകുന്നു. പരിശ്രമിച്ച് മുന്നോട്ട് പോകുന്നു. നിങ്ങൾ വളരെ അത്ഭുതം കണ്ടുകൊണ്ടിരിക്കും. നാടകത്തിന്റെ അവസാനത്തിൽ അത്ഭുതകരമായ പാർട്ടുണ്ടാകുമല്ലോ. അവസാനത്തിൽ തന്നെയാണ് ആഹാ-ആഹാ ഉണ്ടാകുന്നത്, ആ സമയത്താണെങ്കിൽ വളരെ സന്തോഷത്തിലിരിക്കും. ആരിലാണോ ജ്ഞാനമില്ലാത്തത് അവർ അവിടെ തന്നെ ബോധരഹിതരാകും. ഓപ്പറേഷൻ മുതലായ സമയത്ത് ഡോക്ടർമാർ ദുർബലരെ നിർത്തുകയില്ല. വിഭജനസമയത്ത് എന്താ ഉണ്ടായത്, എല്ലാവരും കണ്ടതാണല്ലോ! ഇതാണെങ്കിലോ വളരെ മോശമായ സമയമാണ്. ഇതിനെ രക്ത പുഴ എന്ന് പറയുന്നു. ഇത് കാണാൻ വളരെ ധൈര്യം വേണം. നിങ്ങളുടെ 84 ജന്മങ്ങളുടെ കഥയാണ്. നമ്മൾ ദേവീ ദേവതകൾ തന്നെയായിരുന്നു രാജ്യം ഭരിച്ചിരുന്നത്. പിന്നീട് മായയുടെ വശത്തായി വാമമാർഗ്ഗത്തിൽ പോയി, വീണ്ടും ഇപ്പോൾ ദേവതയായി മാറുന്നു. ഇത് സ്മരിച്ച്കൊണ്ടിരിക്കുകയാണെങ്കിലും തോണി അക്കരയെത്തുന്നു. ഇത് തന്നെയാണല്ലോ സ്വദർശന ചക്രം. ശരി -

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബക്ക് സമാനം സർവ്വഗുണങ്ങളാലും നിറഞ്ഞിരിക്കണം. പരസ്പരം വളരെ സ്നേഹത്തോടെ കഴിയണം. ഒരിക്കലും ആർക്കും ദുഖം കൊടുക്കരുത്.

2) എല്ലായ്പ്പോഴും ബാബയെ ഓർമ്മിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. ഓർമ്മയിലിരുന്ന് മുഴുവൻ വിശ്വത്തിനും ശാന്തിയുടെ ദാനം നൽകണം.

## വരദാനം:- ജ്ഞാനത്തിന്റെ രഹസ്യങ്ങളെ മനസ്സിലാക്കി സദാ അചഞ്ചലരായി കഴിയുന്ന നിശ്ചയബുദ്ധി, വിഘ്ന-വിനാശകരായി ഭവിക്കൂ

വിഘ്ന-വിനാശക സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ എത്ര വലിയ വിഘ്നവും കളിയായി അനുഭവപ്പെടും. കളിയാണെന്ന് മനസ്സിലാക്കുന്നത് കാരണം വിഘ്നങ്ങളാൽ ഒരിക്കലും ഭയപ്പെടില്ല എന്നാൽ അതീവ സന്തോഷത്തോടെ വിജയിയാകും ഒപ്പം ഡബിൾ ലൈറ്റായിരിക്കും. ഡ്രാമയുടെ ജ്ഞാനത്തിന്റെ സ്മൃതിയിലൂടെ ഓരോ വിഘ്നവും നത്തിംങ് ന്യൂ ആയി തോന്നും. പുതിയ കാര്യമായി തോന്നില്ല, വളരെ പഴയ കാര്യമാണ്. അനേക പ്രാവശം വിജയിയായിട്ടുണ്ട് - ഇങ്ങനെ നിശ്ചയബുദ്ധി, ജ്ഞാനത്തിന്റെ രഹസ്യങ്ങളെ മനസ്സിലാക്കുന്ന കുട്ടികളുടെ തന്നെ ഓർമ്മചിഹ്നമാണ് അചൽഖർ.

## സ്ലോഗൻ:- ദൃഢതയുടെ ശക്തി കൂടെയുണ്ടെങ്കിൽ സഫലത കഴുത്തിലെ മാലയായി മാറും.

### മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

നമ്മൾ എന്തെല്ലാം നല്ലതും മോശവുമായ കർമ്മങ്ങളാണോ ചെയ്യുന്നത് അതിന്റെ ഫലം അവശ്യം ലഭിക്കുന്നു. ഏതുപോലെയാണോ ആരെങ്കിലും ദാന പുണ്യം ചെയ്യുന്നത്, യജ്ഞ ഹവനം ചെയ്യുന്നത്, പൂജാ കർമ്മങ്ങൾ ചെയ്യുന്നത് അപ്പോൾ അവർ മനസ്സിലാക്കുന്നു നമ്മൾ ഈശ്വരാർത്ഥം എന്തെല്ലാമാണോ ദാനം ചെയ്തത് അത് പരമാത്മാവിന്റെ ദർബാറിൽ സമർപ്പണമാകുന്നു. എപ്പോൾ നമ്മൾ മരിക്കുന്നോ അപ്പോൾ ആ ഫലം അവശ്യം ലഭിക്കും അങ്ങനെ നമ്മുടെ മുക്തിയും സംഭവിക്കും, എന്നാൽ ഇത് നമ്മൾ അറിഞ്ഞുകഴിഞ്ഞു ഈ ചെയ്യുന്നതിലൂടെ സദാകാലത്തേക്കുള്ള ഒരു ഫലവും ഉണ്ടാകുന്നില്ല. ഇത്

ഏതുപോലെയാണോ നമ്മൾ കർമ്മം ചെയ്യുന്നത് അതിലൂടെ അൽപകാല ക്ഷണഭംഗുര സുഖത്തിന്റെ പ്രാപ്തി അവശ്യം ഉണ്ടാകുന്നു. എന്നാൽ ഏതുവരെ ഈ പ്രത്യക്ഷ ജീവിതം സദാ സുഖിയാകുന്നില്ലയോ അതുവരെ അതിന്റെ പ്രാപ്തി ലഭിക്കുകയില്ല. ഇത് നമ്മൾ ആരോട് ചോദിക്കുയാണെങ്കിലും അതായത് നിങ്ങളീ എന്തെല്ലാമാണോ ചെയ്ത് വന്നത്, അത് ചെയ്തതിലൂടെ നിങ്ങൾക്ക് പൂർണ്ണമായ ലാഭം ലഭിച്ചോ? അപ്പോൾ അവരുടെ പക്കൽ ഒരുത്തരവും ഉണ്ടായിരിക്കില്ല. ഇപ്പോൾ പരമാത്മാവിന്റെ പക്കൽ സമർപ്പണയോ ഇല്ലയോ, അത് ഞങ്ങൾക്കെന്തറിയാനാണ്? ഏതുവരെ തന്റെ പ്രത്യക്ഷ ജീവിതത്തിൽ കർമ്മം ശ്രേഷ്ഠമാകുന്നില്ലയോ അതുവരെ എത്രതന്നെ പരിശ്രമിച്ചാലും മുക്തിയും ജീവൻമുക്തിയും പ്രാപ്തമാകില്ല. ശരി, ദാന പുണ്യം ചെയ്തു എന്നാൽ അത് ചെയ്തതിലൂടെ വികർമ്മം ഭസ്മമായില്ലല്ലോ, പിന്നെങ്ങനെ മുക്തിയും ജീവൻമുക്തിയും പ്രാപ്തമാകും. ഇത്രയും സന്യാസിമാരും മഹാത്മാക്കളുമുണ്ട്, ഏതുവരെ അവർക്ക് കർമ്മങ്ങളുടെ ജ്ഞാനമില്ലയോ അതുവരെ ആ കർമ്മം അകർമ്മമാകുകയില്ല, അവർ മുക്തിയും ജീവൻമുക്തിയും പ്രാപ്തമാക്കുകയുമില്ല. അവർക്ക് പോലും ഇതറിയില്ല അതായത് സത്യ ധർമ്മം എന്താണ്, സത്യ കർമ്മം എന്താണ്, കേവലം വായിലൂടെ രാമ രാമാ എന്ന് പറയുക, ഇതിലൂടെ മുക്തി സംഭവിക്കുകയില്ല. ബാക്കി ഇങ്ങനെ കരുതി ഇരിക്കുകയാണ് മരിച്ചതിന് ശേഷം നമുക്ക് മുക്തി ഉണ്ടാകും. അവർക്ക് ഇതറിയുകയേയില്ല മരിച്ചതിന് ശേഷം എന്ത് നേട്ടമാണ് ലഭിക്കുക? ഒന്നും തന്നെയില്ല. ബാക്കി മനുഷ്യർ തന്റെ ജീവിതത്തിൽ മോശം കർമ്മം ചെയ്താലും, നല്ല കർമ്മം ചെയ്താലും അതെല്ലാം ഈ ജീവിതത്തിൽ തന്നെയാണ് അനുഭവിക്കേണ്ടത്. ഇപ്പോൾ ഈ എല്ലാ ജ്ഞാനവും നമുക്ക് പരമാത്മാവായ അദ്ധ്യാപകനിലൂടെ ലഭിച്ചുകൊണ്ടിരിക്കുകയാണ് എങ്ങനെയാണ് ശുദ്ധ കർമ്മം ചെയ്ത് തന്റെ പ്രത്യക്ഷ ജീവിതം നിർമ്മിക്കേണ്ടതെന്ന്. ശരി. ഓം ശാന്തി.